(ബി) പ്രസ്തുത ഇക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ നഗരസഭയിൽ യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി പ്രകാരം നടപ്പാക്കി വരുന്ന കുടിവെള്ള വിതരണ പദ്ധതിക്ക് 28963360 രൂപയുടെ ബിൽ ഇക കരാറുകാർക്ക് നൽകാനുണ്ട്.

(ബി) കുടിശ്ശിക ഇക നൽകാനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഇക അനുവദിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

മെക്കനൈസ്ഡ് പാർക്കിംഗ് സെന്റർ

149 (1523) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അനിയന്ത്രിതമായ പെരുപ്പവും കടുത്ത ഗതാഗത കുരുക്കും, പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തതയും കണക്കിലെടുത്ത് ആധുനികമായ മെക്കനൈസ്ഡ് പാർക്കിംഗ് സെന്റർ ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ബഡ്ജറ്റിലാണ് പ്രഖ്യാപനം നടത്തിയത് നാളിതുവരെയായി ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഈയിനത്തിൽ ചെലവഴിക്കാതെ കിടക്കുന്ന ഇകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) 2013 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിൽ നഗരങ്ങളിൽ ഏർപ്പെടുത്തിയ പാർക്കിംഗ് കേന്ദ്രങ്ങൾ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ; ഓരോ കേന്ദ്രത്തിനും ചെലവായ ഇക ഏത്ര?

ഉത്തരം

(എ) 2013-14 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ നഗര പ്രദേശങ്ങളിൽ ആധുനിക യന്ത്രവൽകൃത പാർക്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് 10 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. അതുപ്രകാരം ടി വർഷത്തെ ബഡ്ജറ്റ് വിഹിതങ്ങളിൽ ഇക ഉൾപ്പെടുത്തിയിട്ടില്ലാത്തതും ശരിയായ പ്രോജക്ട് പ്രൊപ്പോസലുകൾ ലഭ്യമല്ലാത്തതും കാരണം പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

(ബി) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാന ബഡ്ജറ്റിൽ ഇകയൊന്നും വകയിരുത്തിയിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly